

SATURDAY 18-06-2022 ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/06/2022.

1. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് -AIF) നടപ്പിലാക്കുന്നു. ഈ ധനസഹായ പദ്ധതിയുടെ സവിശേഷതകൾ ഇനി പറയുന്നു. 2020-21 മുതൽ 2032-33 വരെ 13 വർഷമാണ് പദ്ധതിയുടെ കാലാവധി. 2 കോടി രൂപ വരെ 3 ശതമാനം പലിശ ഇളവ് പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നതാണ്. 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷമാണ് തിരിച്ചടവ് കാലാവധി. https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷ നൽകേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. ജില്ലാ കൃഷിതോട്ടം കൂത്താളിയിൽ, കുറ്റ്യാടി തെങ്ങിൻ തൈകൾ (WCT) തൈ ഒന്നിന് 100 രൂപ നിരക്കിലും, കാസർകോടൻ കമുകിൻ തൈകൾ തൈ ഒന്നിന് 12 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാർ ആയിട്ടുണ്ട്. ആവശ്യമുള്ളവർ കൂത്താളി ജില്ലാ കൃഷിത്തോട്ടവുമായി ബന്ധപ്പെടേണ്ടതാണെന്ന് സൂപ്രണ്ട് അറിയിച്ചു

3. കാർഷിക സർവകലാശാല വെള്ളാനിക്കര കാർഷിക കോളേജിലെ പ്ലാന്റേഷൻ ആൻഡ് സ്പൈസസ് വകുപ്പിൽ അത്യുല്പ്പാദന ശേഷിയുള്ള ഇഞ്ചി (ആതിര, ചിത്ര), തിപ്പലി (വിശ്വം) തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9447583467** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

4. കൃഷി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിനുള്ളിലെ കൃഷി ബിസിനസ് കേന്ദ്രയിൽ കുറ്റ്യാടി, മലയൻ ഗ്രീൻ എന്നീ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 100 രൂപ

നിരക്കിൽ വിൽപനയ്ക്കായി തയ്യാറായതായി മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. റബ്ബർ ടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2011-12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് **ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതി**യിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2022 ജൂലൈ 08-നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്. പോളിസി പുതുക്കുന്നതുമായി ബന്ധപ്പെട്ട കത്ത് എല്ലാ അംഗങ്ങൾക്കും റബ്ബർബോർഡിൽ നിന്നും അയച്ചിട്ടുള്ളതായും കത്ത് ലഭിക്കാത്തവർ ഇത് ഒരറിയിപ്പായി കണക്കാക്കണമെന്നും അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ കോഴിക്കുഞ്ഞുങ്ങൾ 10 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടികൾ

8. ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഈ മാസം 28 മുതൽ 30 വരെ (ജൂൺ 28 മുതൽ 30) രാവിലെ 10 മണി മുതൽ മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ **ഹൈഡ്രോപോണിക്സ്** വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെകുറിച്ച് ക്ലാസുകൾ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടായിരിക്കും. താൽപര്യമുള്ളവർ **0487-2960079, 9037033547, 9961533547** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കേരള കാർഷിക സർവ്വകലാശാലയുടെ തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'ആസാദി കാ അമൃത് മഹോത്സവുമായി' ബന്ധപ്പെട്ട് ഇന്ന് (ജൂൺ 18) രാവിലെ 10 മണിക്ക് 'ഭക്ഷ്യ സംസ്ക്കരണവും മൂല്യവർദ്ധനവും' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പരിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈ മാസം 20,21 (ജൂൺ 20,21) തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്തിട്ടുള്ളവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0473-4299869, 9495390436, 9656936426** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം **22 ന് (ജൂൺ 22) കാട വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തപ്പെടുന്നു. താൽപര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്സ്ആപ്പ് നമ്പറിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

12. മഴക്കാലത്ത് ബാക്ടീരിയ മൂലം ഇഞ്ചിയിൽ കണ്ടുവരുന്ന പ്രധാന രോഗമാണ് **വാട്ടരോഗം.** ചെടികൾ പെട്ടെന്ന് വാടുകയും കടചീയുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷണം. പച്ചവാട്ടം എന്നറിയപ്പെടുന്ന ഈ രോഗം നിയന്ത്രിക്കുന്നതിനായി ആദ്യം രോഗം ബാധിച്ചവ പിഴുത് മാറ്റിയശേഷം കുമ്മായം സെന്റൊന്നിന് 2.5 കിലോ വീതം ഇടണം. ഒരാഴ്ച കഴിഞ്ഞ് ഒരു കിലോഗ്രാം സ്യൂഡോമോണാസ് 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോ മണലുമായി ചേർത്ത് രോഗം ബാധിച്ച തടങ്ങളിലും അതിനുശേഷം ചുറ്റുമുള്ള തടങ്ങളിലും ഇട്ട് കൊടുക്കണം.